ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സർക്കാർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തി ഗോത്രവർഗ വിഭാഗങ്ങൾ സ്വയംപര്യാപ്തത കൈവരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu urges tribal communities to avail benefits of all central government schemes to achieve self-reliance.**

2. തദ്ദേശീയ പ്രതിരോധ ഉൽപ്പാദനത്തിൽ ഏറ്റവും ഉയർന്ന വളർച്ച കൈവരിച്ച് രാജ്യം.

   **India Achieves Record Growth in Indigenous Defence Production**

3. വിദേശ നിക്ഷേപകരുടെ വിശദമായ നിക്ഷേപ വെളിപ്പെടുത്തൽ പരിധി 50,000 കോടി രൂപയാക്കി ഉയർത്തി സെബി.

   **SEBI doubles threshold of detailed FPI investment disclosures to 50,000 crore rupees.**

4. ലഹരി വ്യാപനം ചെറുക്കാൻ അതിവിപുല ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കാനൊരുങ്ങി കേരള സർക്കാർ.

   **Kerala Government Set to Launch Massive Public Campaign to Curb Drug Abuse.**

5. ഗസയിൽ വെടിനിർത്തൽ പുനഃസ്ഥാപിക്കാൻ, ഘട്ടം ഘട്ടമായി ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള നിർദേശം മുന്നോട്ട് വച്ച് ഈജിപ്ത്.

   **Egypt Proposes Gradual Release of Hostages to Restore Ceasefire in Gaza**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും.

**Gujarat Titans to Face Punjab Kings in IPL Cricket Today**

***********************************

## PREZ-ODISHA VISIT ( INTRO )

സർക്കാർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തി ഗോത്രവർഗ വിഭാഗങ്ങൾ സ്വയംപര്യാപ്തത കൈവരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഒഡീഷയിലെ കാലിയപ്പള്ളി ഭാരതീയ ബിശ്വബസു ഷബർ സമാജത്തിന്റെ സ്ഥാപക ദിന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. നയാഗഡ് ജില്ലയിലെ നിലമ - ധാബ് ക്ഷേത്രം രാഷ്ട്രപതി ഇന്നലെ സന്ദർശിച്ചു. ഇന്നലെ ഛത്തീസ്ഗഡ് നിയമസഭയുടെ 25-ാാം വാർഷികത്തോടനുബന്ധിച്ച് രാഷ്ട്രപതി സഭയെ അഭിസംബോധന ചെയ്തിരുന്നു. ഛത്തീസ്ഗഡിനെ നക്സൽ പ്രവർത്തനങ്ങളിൽ നിന്നും പൂർണ്ണമായും മുക്തമാക്കുന്നതിന് കൂട്ടായ ശ്രമം ആവശ്യമാണെന്ന് ശ്രീമതി മുർമു പറഞ്ഞു.

( വോയിസ്... )

***********************************

## DEFENCE PRODUCTION

രാജ്യം തദ്ദേശീയ പ്രതിരോധ ഉൽപ്പാദനത്തിൽ ഏറ്റവും ഉയർന്ന വളർച്ച കൈവരിച്ചതായി പ്രതിരോധ മന്ത്രാലയം. 2023-24 വർഷത്തിൽ ഒരു ലക്ഷത്തി 27 ആയിരം കോടി രൂപയുടെ ഉൽപ്പാദനമാണ് ഉണ്ടായത്. 2014-15 ലെ 46 ആയിരത്തി 429 കോടി രൂപയിൽ നിന്നും പ്രതിരോധ ഉൽപ്പാദനത്തിൽ 174 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. "മെയ്ക്ക് ഇൻ ഇന്ത്യ" സംരംഭം ആരംഭിച്ചതിനുശേഷം ആഭ്യന്തര പ്രതിരോധ ഉൽപാദനത്തിലെ ഏറ്റവും ഉയർന്ന വളർച്ചയാണിത്. പ്രതിരോധ ഉൽപ്പാദന മേഖലയിൽ വ്യവസായങ്ങൾക്കുള്ള സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിരവധി നടപടികൾ അവതരിപ്പിച്ചതായി മന്ത്രാലയം വ്യക്തമാക്കി.

*******************************************

## EVE. PARL-ADJOURN ( INTRO)

ഒരു പ്രത്യേക ന്യൂനപക്ഷ വിഭാഗത്തിന് സംവരണം നൽകുന്നതിനായി ഭരണഘടനയിൽ മാറ്റം വരുത്തണമെന്ന കർണാടക ഉപമുഖ്യമന്ത്രി ഡി കെ ശിവകുമാറിന്റെ പ്രസ്താവനയെച്ചൊല്ലി ഇന്നലെ പാർലമെന്റിന്റെ ഇരുസഭകളിലും പ്രതിഷേധമുയർന്നു. ഭരണപക്ഷത്തിന്റെ ആരോപണങ്ങൾ കോൺഗ്രസ് നേതാവ് മല്ലികാർജുൻ ഖർഗെ തള്ളി. മതം അടിസ്ഥാനമാക്കിയുള്ള സംവരണം എന്ന വിഷയം 1947 ൽ തന്നെ ഉയർന്നുവന്നിരുന്നുവെന്നും എന്നാൽ എല്ലാ പ്രമുഖ നേതാക്കളും അന്ന് അത് നിരസിച്ചെന്നും പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പറഞ്ഞു.

( വോയിസ്... )

*******************************************

## LS-FINANCE BILL

2025 ലെ ധനകാര്യ ബിൽ ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ചു. രാജ്യത്തെ ജിഎസ്ടി വ്യവസ്ഥ സങ്കീർണമാണെന്ന് ബിൽ സംബന്ധിച്ച ചർച്ചയ്ക്ക് തുടക്കമിട്ട കോൺഗ്രസ് എംപി ശശി തരൂർ പറഞ്ഞു. ലോകം മുഴുവൻ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും കഴിഞ്ഞ പത്ത് വർഷമായി ഇന്ത്യ മുന്നേറുകയാണെന്ന് ചർച്ചയിൽ ബിജെപി എംപി നിഷികാന്ത് ദുബെ പറഞ്ഞു. ഓൺലൈൻ ഗെയിമിംഗിന്റെ അനിയന്ത്രിതമായ വളർച്ച തടയുന്നതിനായി 28 ശതമാനം ജിഎസ്ടി ഏർപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

*******************************************

## SHASHI TARUR

വയനാട് ദുരന്തബാധിതരുടെ പുനരധിവാസം സംബന്ധിച്ച വിഷയം ലോക്സഭയിൽ ഉന്നയിച്ച് ശശി തരൂർ എംപി. വയനാടിനുള്ള കേന്ദ്ര സഹായം ഇതുവരെ ലഭ്യമായിട്ടില്ലെന്നും അടിയന്തര ഇടപെടലിന് ഹൈക്കോടതി നിർദേശിച്ചിട്ട് പോലും നടപടിയുണ്ടായില്ലെന്നും അദ്ദേഹം പറഞ്ഞു. ആശാ പ്രവർത്തകരുടെ ഇൻസെന്റീവ് സംബന്ധിച്ച പ്രശ്നവും ശ്രീ തരൂർ ചൂണ്ടിക്കാട്ടി.

*********************************************

## NIYAMASABHA

കേരളത്തിലെ ആരോഗ്യമേഖലയിലെ വിവിധ വിഷയങ്ങളിലെ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നലെ പ്രതിപക്ഷ വാക്ക് ഔട്ട്. ഒറ്റപ്പെട്ട ചില സംഭവങ്ങളെ മുൻ നിർത്തി ആരോഗ്യ മേഖലയെ ഇകഴ്ത്താൻ ശ്രമിക്കുന്നുവെന്ന മന്ത്രി എം ബി രാജേഷിന്റെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. 15 ആം കേരള നിയമസഭയുടെ 13 ആം സമ്മേളനം ഇന്ന് അവസാനിക്കും.

*********************************************

## DRUGS - MEETING - CM

ലഹരി വ്യാപനം ചെറുക്കാൻ കേരള സർക്കാർ അതിവിപുല ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കും. ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് രൂപരേഖ തയ്യാറാക്കും. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. ഈ മാസം 30 ന് വിദഗ്ധരുടെയും വിദ്യാർത്ഥി-യുവജന സംഘടനകളുടെയും സിനിമ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകളുടെയും അധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും യോഗം ചേർന്ന് കർമ്മപദ്ധതി തയ്യാറാക്കും.

*********************************************

## HARITHA KERALAM - CM

പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള കേരള വികസന മാതൃക അവതരിപ്പിക്കാൻ സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഹരിതകേരള മിഷൻ പരിസ്ഥിതി സംഗമം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ ദൂഷ്യവശങ്ങൾ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

*******************************************

## CONSENT FORM - MUNDAKAI

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി സർക്കാർ ഒരുക്കുന്ന പുനരധിവാസത്തിന് സമ്മതപത്രം കൈമാറിയത് 235 ഗുണഭോക്താക്കൾ. ആദ്യഘട്ട ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവരാണ് കളക്ടറേറ്റിലെത്തി സമ്മതപത്രം കൈമാറിയത്. കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ ഏറ്റെടുത്ത 64 ഹെക്ടർ ഭൂമിയിൽ നിർമ്മിക്കുന്ന ടൗൺഷിപ്പിലേക്ക് ഒന്നാംഘട്ട ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 170 പേർ വീടിനായും 65 പേർ സാമ്പത്തിക സഹായത്തിനും സമ്മതപത്രം കൈമാറി.

*******************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

*******************************************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 30-ന്. പരിപാടിയുടെ 120-ാം

പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അറിയിക്കാവുന്നതാണ്.

*************************************************

## NEW FINANCE SECRETARY

കർണാടക കേഡറിലെ 1987 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനായ അജയ് സേത്തിനെ പുതിയ ധനകാര്യ സെക്രട്ടറിയായി നിയമിച്ചു. നിലവിൽ ധനകാര്യ മന്ത്രാലയത്തിലെ സാമ്പത്തിക കാര്യ വകുപ്പിന്റെ സെക്രട്ടറിയാണ് ഇദ്ദേഹം. ധന മന്ത്രാലയത്തിലെ ഏറ്റവും മുതിർന്ന സെക്രട്ടറിയെയാണ് ധനകാര്യ സെക്രട്ടറിയായി നിയമിക്കുക.

*************************************************

## SEBI-PRESS CONFERENCE ( INTRO )

വിദേശ നിക്ഷേപകരുടെ വിശദമായ നിക്ഷേപ വെളിപ്പെടുത്തൽ പരിധി ഉയർത്തി സെബി. നിക്ഷേപ പരിധി 50,000 കോടി രൂപയാക്കാനുള്ള നിർദ്ദേശത്തിനാണ് സെബി അംഗീകാരം നൽകിയത്. മാറിക്കൊണ്ടിരിക്കുന്ന വിപണി സാഹചര്യങ്ങൾ കണക്കിലെടുത്താണ് തീരുമാനം. ഇന്ത്യയിൽ ₹50,000 കോടിയിൽ കൂടുതൽ ഓഹരി നിക്ഷേപമുള്ള FPI കൾ ഇനി മുതൽ കൂടുതൽ വിവരങ്ങൾ നൽകേണ്ടതുണ്ട്. ബോർഡ് യോഗത്തിന് ശേഷം നടന്ന വാർത്താസമ്മേളനത്തിൽ സെബി ചെയർമാൻ തുഹിൻ കാന്ത പാണ്ഡെയാണ് തീരുമാനങ്ങൾ പ്രഖ്യാപിച്ചത്.

( വോയിസ്... )

*************************************************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 7:30 നാണ് മത്സരം. ഇന്നലെ വിശാഖപട്ടണത്ത് നടന്ന ആവേശോജ്വലമായ പോരാട്ടത്തിൽ ഡൽഹി ക്യാപിറ്റൽസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ ഒരു വിക്കറ്റിന് പരാജയപ്പെടുത്തി. ലഖ്നൗ മുന്നോട്ടുവച്ച 210 റൺസ് വിജയലക്ഷ്യം 19.3 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ ഡൽഹി ക്യാപിറ്റൽസ് മറികടക്കുകയായിരുന്നു.

****************************************

## BCCI WOMEN CONTRACT

2024-25 സീസണിലേക്കുള്ള വനിതാ ക്രിക്കറ്റ് ടീമിന്റെ പുതുക്കിയ പട്ടിക ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് പ്രഖ്യാപിച്ചു. 2025 സെപ്റ്റംബർ 30 വരെയുള്ള സീസണിലേക്കാണ് ഈ പട്ടിക. ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ, സ്മൃതി മന്ദാന, ദീപ്തി ശർമ്മ എന്നിവരെ എ ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രേയങ്ക പാട്ടീൽ, ടൈറ്റസ് സാധു, അരുന്ധതി റെഡ്ഡി, അമൻജോത് കൗർ, ഉമ ചേത്രി എന്നിവരാണ് ടീമിൽ ഇടം നേടിയ പുതുമുഖങ്ങൾ. അടുത്ത മാസം 27 ന് ആരംഭിക്കുന്ന ത്രിരാഷ്ട്ര ഏകദിന പരമ്പരയിൽ ഇന്ത്യൻ വനിതാ ടീം ശ്രീലങ്കയെയും ദക്ഷിണാഫ്രിക്കയെയും നേരിടും.

****************************************

## EGYPT NEW GAZA CEASEFIRE DEAL

ഗസയിൽ സംഘർഷം തുടരുന്ന സാഹചര്യത്തിൽ ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ പുനഃസ്ഥാപിക്കാൻ, ഘട്ടം ഘട്ടമായി ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള നിർദേശം മുന്നോട്ട് വച്ച് ഈജിപ്റ്റ്. ഹമാസ് ഓരോ ആഴ്ചയും അഞ്ച് ഇസ്രായേലി ബന്ദികളെ മോചിപ്പിക്കണമെന്നും ശേഷം ഇസ്രായേൽ രണ്ടാം ഘട്ട വെടിനിർത്തൽ നടപ്പിലാക്കണമെന്നുമാണ് നിർദേശം. അമേരിക്കയും ഹമാസും നിർദ്ദേശത്തോട് യോജിച്ചെങ്കിലും ഇസ്രായേൽ ഇതുവരെ പ്രതികരിച്ചിട്ടില്ല.

**************************************************************************************************

****************************************